[Question no 501 (14) was not put by the member]

ഷിഫ്റ്റുമൂലം പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർ

*൫൦൨. (എ൫) ശ്രീ. വി. കെ. വരദീസ് : താഴെകാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

പത്തനംതിട്ട താലൂക്കിൽനിന്നും ഷിഫ്റ്റുമൂലം പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാക്ക് ഇതേവരെ ഉദ്യോഗം കൊടുക്കാതിരിക്കുന്നതു് എന്തു കാരണത്താലാണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവക്ക് ഉദ്യോഗം കൊടുക്കുന്നതിനു് ഉത്തരവായിട്ടുണ്ടു്.

ശ്രീ. വി. കെ. വരദീസ് : എന്നാണു് ആ ഉത്തരവയച്ചതു് എന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സെപ്തമ്പർ മാസം ൨൨-൦ തിയ്യതി.

ശ്രീ. എ. പി. ഉദയഭാനു : മറ്റു താലൂക്കുകളിൽ ഇങ്ങനെ പിരിച്ചു വിടപ്പെട്ട അദ്ധ്യാപകന്മാരില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മറ്റു താലൂക്കുകളിൽ ആർഡർ അയച്ചതിനു ശേഷം, പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ അനുമതി വേണമെന്നു് വന്നതുകൊണ്ടു് ഈ താലൂക്കിൽ കാലതാമസം വന്നതാണു്.

ശ്രീ. എ. പി. ഉദയഭാനു : മറ്റു താലൂക്കുകളിലും ഇതു സംബന്ധിച്ചുള്ള പരാതികൾ ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെങ്കിൽ നോക്കാം.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ ഷിഫ്റ്റു സിസ്റ്റം നടപ്പിൽ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടപ്പിൽ ഉണ്ടു്.

ശ്രീ. ഇ. പി. പൌലോസു് : അങ്ങനെ പിരിച്ചു വിട്ടിട്ടുള്ള ആളുകളുടെ ഒരു ലിസ്റ്റ് തയാറാക്കാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. പബ്ളിക്ക സർവ്വീസുകമ്മീഷൻ അതു ചെയ്യുന്നുണ്ടു്.

വിദ്യാർത്ഥികളുടെ എണ്ണവും കോളേജു് സിറ്റുകളും

*൫൦൩. (എ൭) ശ്രീ. വി. കെ. വരദീസ് : താഴെകാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ വർഷത്തിൽ നമ്മുടെ സ്റ്റേറ്റിൽനിന്നും സ്കൂൾഫൈനൽപരീക്ഷ ജയിച്ച വിദ്യാർത്ഥികളുടെ എണ്ണം?

(ബി) ഈ സ്റ്റേറ്റിലെ കോളേജുകളിൽ എല്ലാം കൂടി ജൂനിയർ ഇൻറർമീഡിയറ്റ് ക്ലാസ്സിലെ സിറ്റുകൾ എത്ര?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ൨൫,൨൫൨ വിദ്യാർത്ഥികൾ തിരുവി

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിലും കൊച്ചിയിലും കൂടി ഈ വർഷത്തിൽ സ്റ്റേറ്റ്‌ഫൈനൽ പരീക്ഷ ജയിച്ചിട്ടുണ്ട്?

(ബി) കൊച്ചിയിലെ ഏഴ് സർക്കാർ കോളേജുകളിൽ നിന്നും പാസായ കുട്ടികളുടെ എണ്ണം കണക്കാക്കാതെ നൂറിൽപരം കുട്ടികൾ ഇന്ന് തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ജൂനിയർ ഇൻറർമീഡിയറ്റ് ക്ലാസ്സിൽ പഠിക്കുന്നുണ്ട്. തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോട് ചേർന്ന കോളേജുകളിൽ എത്ര കുട്ടികൾ ഉണ്ടെന്നുള്ള വിവരം എനിക്ക് കിട്ടിയിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത് : കോളേജിൽ പ്രവേശനം ലഭിക്കാത്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. എ. താണുപിള്ള : സ്റ്റേറ്റ്‌ഫൈനൽ പരീക്ഷ ജയിച്ചവരിൽ എത്ര ശതമാനമാണ് കോളേജുകളിലേക്ക് പോകുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 80 ശതമാനമാണെന്നാണ് കാണുന്നത്.

ശ്രീ. സി. വി. ഐയ്യപ്പൻ : സംസ്ഥാനത്തിനു പുറത്തുള്ള എത്ര കുട്ടികൾ കോളേജ് വിദ്യാഭ്യാസത്തിനു പോയിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പഠിക്കുന്ന നൂറിൽപരം പേരും കൊച്ചിയിലുള്ള പ്രൈവറ്റ് കോളേജുകളിലുള്ള വിദ്യാർത്ഥികളും കഴിഞ്ഞ സ്റ്റേറ്റ്‌ഫൈനൽ പരീക്ഷ പാസായിട്ടുള്ളതിൽ കുറെ ആളുകൾ വെളിയിൽ പോയിട്ടുണ്ട്.

നൂൽവിതരണം

*80. (27) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 1950 ആഗസ്റ്റ് മാസത്തിൽ തിരുവിതാംകൂർ പ്രദേശത്തും കൊച്ചി വിഭാഗത്തും വിതരണം ചെയ്ത നൂൽ എത്രവീതം?

(ബി) പ്രസ്തുത മാസത്തിൽ നെയ്യാറ്റിൻകര, നെടുമങ്ങാട്, കൊല്ലം, തലപ്പള്ളി ഈ താലൂക്കുകളിൽ വിതരണം ചെയ്ത നൂൽ എത്ര വീതം?

(സി) നെയ്യാറ്റിൻകര താലൂക്കിൽ നൂൽ വിതരണത്തിനു പ്രത്യേകമായി ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) 1950 ആഗസ്റ്റ് മാസത്തിൽ തിരുവിതാംകൂർ പ്രദേശത്ത് 500 ബെയിൽ നൂലും കൊച്ചി പ്രദേശത്ത് 275 ബെയിൽ നൂലും വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മാസത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ 150 ബെയിലും, കൊല്ലം താലൂക്കിൽ 125 ബെയിലും തലപ്പള്ളി താലൂക്കിൽ 90 ബെയിലും നെടുമങ്ങാട് താലൂക്കിൽ 75 ബെയിലും നൂൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) അസിസ്റ്റണ്ട് റേഷനിംഗ് ആഫീസറെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly